**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **30-07-2021 - ൽ മറുപടിയ്ക്ക്**

**കോവളം മണ്ഡലത്തിലെ തോടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ മഴക്കാലത്തും ബണ്ട് പൊട്ടിയും കരകവിഞ്ഞും വെള്ളം കയറി അടിക്കടി കൃഷിക്കും വീടുകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയാനായി കല്ലിയൂർ പഞ്ചായത്തിലെ കന്നുകാലിച്ചാൽ 6 മാസത്തിലൊരിക്കൽ വൃത്തിയാക്കുകയും പണ്ടാരക്കരി പാടശേഖരത്തിന്റെ പുറംബണ്ട് നിർമാണം നടത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മഴക്കാലങ്ങളിൽ ബണ്ട് പൊട്ടിയും കരകവിഞ്ഞും വെള്ളംകയറി അടിക്കടി കൃഷിക്കും വീടുകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയുന്നതിനായി പണ്ടാരക്കരി പാടശേഖരത്തിന്റെ പുറം ബണ്ട് ബലപ്പെടുത്തൽ, കന്നുകാലിച്ചാലിൽ ചെളി അടിഞ്ഞുകൂടി കിടക്കുന്നത് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് 794 ലക്ഷം രൂപ അടങ്കൽ വരുന്ന “Reclamation of Vellayani Padashekharam from upstream of confluence of Kayal and Pallichal Thodu Cherubalamandan Thiruthal Padashekharam foot bridge to Madhupalam in Kalliyoor Panchayath and Thiruvananthapuram Corporation” എന്ന പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി സർക്കാരിൽ പരിശോധിച്ചുവരുന്നു. കന്നുകാലിച്ചാൽ വൃത്തിയാക്കുന്ന പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വർഷംതോറും നിർവ്വഹിച്ചുവരുന്നുണ്ട്. |
| (ബി) | തലയൽ തോടിന്റെ തേമ്പാമുട്ടം മുതൽ പൊളിഞ്ഞു പോയ ഭാഗത്തും അന്തിയൂർ തോടിന്റെ ബണ്ട് പൊളിഞ്ഞ ഭാഗത്തും പാർശ്വഭിത്തികൾ നിർമ്മിക്കുന്നതിനും ഗംഗയാർ തോടിന്റെ മുക്കോല ഭാഗത്ത് ബണ്ടുയർത്തുകയും പൊളിഞ്ഞഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | NABARD RIDF -XXVI ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി തലയൽ തോടിന്റെ സംരക്ഷണത്തിനുള്ള 130ലക്ഷം ചെലവ് വരുന്ന പദ്ധതിയുടെ ഡി.പി.ആർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചെങ്കിലും ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 5 കോടിയിൽ താഴെ ആയതിനാൽ നബാർഡ് ട്രാഞ്ചെ 26 ൽ ശുപാർശ ചെയ്യാൻ കഴിഞ്ഞില്ല. ഗംഗയാർ തോടിന്റെ മുക്കോല ഭാഗത്ത് ബണ്ട് ഉയർത്തുന്നതിനും പൊളിഞ്ഞ ഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | കോട്ടുകാൽ വലിയ തോട്ടിലെ ചെളി നീക്കുകയും തലയൽ തോട്, അന്തിയൂർ തോട് എന്നിവ | (സി) | കോട്ടുകാൽ വലിയ തോട്ടിലെ ചെളി നീക്കം ചെയ്യുന്നതിനും തലയൽ തോട്, അന്തിയൂർ തോട് |

| | | | |
|---|---|---|---|
| | കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | | എന്നിവ കൃത്യമായ ഇടവേളകളിൽവൃത്തിയാക്കുന്നതിനുമുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ